# കടന്നുപോകുന്ന നിഴലുകൾ പോലെ നമ്മുടെ നാളുകൾ

- ആർ. ചന്ദ്രബോസ്

**ജൂതസങ്കീർത്തനങ്ങൾ**

"ദീർഘചതുരാകൃതിയിലുള്ള വലിയൊരു പെട്ടിപോലെയാണ് ജൂതത്തെരുവ്. മുകളിൽ നീലാകാശം താഴെ കോൺക്രീറ്റ് പാകിയ നിരത്ത്. ഇരുവശത്തും ഇരുനിലകെട്ടിടങ്ങൾ. തീവണ്ടിയുടെ കംപാർട്ടുമെന്റുകൾ പോലെ തോളോടുതോൾ ചേർന്ന് നിൽക്കുന്ന വീടുകൾ നിറയെ ഒരു കാലത്ത് ജൂതന്മാരാണ് താമസിച്ചിരുന്നത്. വീടുകൾക്കിടയിൽ മതിലുകളോ ചുറ്റുമതിലുകളോ ഇല്ല. ഡച്ചുകാരുടെ ഡിസൈൻ. പത്തഞ്ഞൂറുകൊല്ലം മുമ്പുണ്ടാക്കിയിട്ടും വലിയ കുഴപ്പമില്ലാതെ നിൽക്കുന്നു. 120 മീറ്റർ മാത്രമുള്ള ലെയ്ൻ അവസാനിക്കുന്നിടത്ത് 45 അടി ഉയരമുള്ള ക്ലോക്ക് ടവർ. നാലുമുഖമുള്ള ക്ലോക്ക് ടവറിൽ മലയാളത്തിലും ഇംഗ്ലീഷിലും ഹീബ്രുവിലുമായി പരദേശിപ്പള്ളിയുടെ ജനനവർഷം എഴുതിവെച്ചിരിക്കുന്നു 1568. അന്ന് ക്ലോക്ക് ടവറിലെഴുതിവെച്ച സങ്കീർത്തനവാക്യം പ്രവചനസ്വഭാവമുള്ളതായിരുന്നില്ലേ? Our days are like passing Shadows" (സിനഗോഗ് ലെയ്ൻ, പു.30).

നൂറ്റാണ്ടുകളിൽനിന്ന് നൂറ്റാണ്ടുകളിലേക്കും തലമുറകളിൽനിന്നു തലമുറകളിലേക്കും നീളുന്ന കേരളത്തിലെ ജൂതസമൂഹത്തിന്റെ അസ്തിത്വപ്രതിസന്ധികളെയും അതിജീവനസങ്കടങ്ങളെയും ഒരു തെരുവിന്റെ ജ്യാമിതീയഘടനയിലേക്ക് ചിട്ടപ്പെടുത്തിയും ചിത്രപ്പെടുത്തിയും അവതരിപ്പിക്കുകയാണ് ജമാൽ കൊച്ചങ്ങാടി, സിനഗോഗ് ലെയ്ൻ എന്ന നോവലിൽ. സൂക്ഷ്മവിശദാംശങ്ങളോടെ രചിച്ച വംശീയ ആഖ്യായിക. റിയലിസത്തിന്റെ സൂര്യവെളിച്ചവും ആത്മാനുഭവത്തിന്റെ നിലാവെളിച്ചവും ഇടകലർന്നൊഴുകുന്നു ഈ നോവലിൽ. ജൂതവൈജ്ഞാനികത ഈ നോവൽ ശില്പത്തിന് ഗരിമയും വിശ്വാസ്യതയും നൽകുന്നു. ജൂതസമൂഹത്തിന്റെ കേരളീയവും ആഗോളവുമായ ചരിത്രവർത്തമാന പ്രതിസന്ധികളെ പ്രതിഫലിപ്പിച്ചുകാട്ടാൻ നോവലിന് കഴിഞ്ഞിട്ടുണ്ട്.

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത എന്ന കൈയൊപ്പ് പതിഞ്ഞവരാണ് ജൂതസമൂഹം. സ്ഥാപകനില്ലാത്ത മതം. അബ്രഹാം, യിസഹാക്ക്, യാക്കോബ്, ജോസഫ് എന്നിവരിലൂടെ തലമുറകളിലേക്ക് നീളുന്ന സെമിറ്റിക് വിശ്വാസദാർഢ്യങ്ങൾ. വിശുദ്ധ തിരുവെഴുത്തുകളുടെ സൂക്ഷിപ്പുകൾ. മനുഷ്യർക്ക് ദൈവത്തിന്റെ വിഗ്രഹമോ ചിത്രമോ പുനഃസൃഷ്ടിക്കാനാവില്ല എന്നു കരുതുന്നവർ. ചരിത്രത്തിന്റെ ഏതോ ദശാസന്ധിയിൽ യൂറോപ്പ് അവർക്ക് പീഡനഭൂമിയായി. ദീർഘദീർഘമായ പലായനത്തിന്റെ മഹാജലധികളും മരുഭൂമികളും തരണം ചെയ്ത് പലതായി ചിതറി പല തീരമണഞ്ഞു. ഹാബേ

ലിനെ കൊന്നതിന് ദൈവം കായേനെ ശപിച്ചതുപോലെ ഭൂമിയിൽ ഉഴറി നടക്കുന്ന നാടോടികളായി ജീവിക്കേണ്ടിവന്ന ജനത, കേരളത്തിലുമെത്തി. സോളമന്റെ കാലത്തുതന്നെ ജൂതർ കേരളത്തിൽ കുടിയേറി എന്നതാണ് ചരിത്രം. കൊടുങ്ങല്ലൂർ അവർക്ക് രണ്ടാം ജറൂസലേമായിരുന്നു. ജൂതപ്രമാണിയായ ജോസഫ് റബ്ബാന് ഭാസ്കരരവിവർമ്മ നൽകിയ അധികാരവും ചെപ്പേടും കേരളത്തിന്റെ മതസഹിഷ്ണുതയുടെ ആദിരേഖകളിലൊന്നായി കാണാം.

മതാചാരങ്ങളിലുള്ള അടിയുറച്ച നിഷ്ഠയും വംശശുദ്ധിയെക്കുറിച്ചുള്ള ഉൽക്കണ്ഠകളും ജൂതസമൂഹത്തിന്റെ പുരോഗതിയിൽ അസ്വസ്ഥതകളും വൈഷ്യമങ്ങളും സൃഷ്ടിച്ചു. വെളുത്ത ജൂതർ കറുത്ത ജൂതരോടു കാട്ടിയ അസ്പൃശ്യത, സിനഗോഗുകളിലെ ആരാധനാസ്വാതന്ത്ര്യത്തിൽ വരെ പ്രതിഫലിച്ചു. കറുത്തവരും വെളുത്തവരും തമ്മിലുള്ളതും ക്രിസ്ത്യാനികളും ഇതര മതക്കാരുമായുള്ളതുമായ വിവാഹബന്ധങ്ങൾക്ക് ഭ്രഷ്ട് കല്പിച്ചു. അടിമകളുടെ സന്താനങ്ങളും വിജാതീയവെപ്പാട്ടിമാരിൽ ജനിച്ചവരുമാണ് കറുത്ത ജൂതന്മാർ. ജൂതവംശത്തിന്റെ ചരിത്രത്തിലൂടെയുള്ള പരിണാമം, കൊച്ചിയിലെ ആവാസയിടത്തിന്റെ അന്ത്യനാളുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഓർമ്മകളെയും ചരിത്രത്തെയും സംസ്കാരത്തെയും അടിപ്പടവാക്കിയാണ് നോവലിന്റെ ആഖ്യാനം പുരോഗമിക്കുന്നത്.

## ആലിയയ്ക്കുശേഷം

1950 കളിൽ വാഗ്ദത്ത ഭൂമിയിലേക്കുള്ള 'ആലിയ'യോടെ (ഇസ്രായേലിലേക്കുള്ള പുറപ്പാട്) അനാഥമാകുന്ന ജൂതത്തെരുവിലെ വീടുകളിൽ ഏതാനും വൃദ്ധരും പോകാനിഷ്ടമില്ലാത്തവരും മാത്രമാണ് ശേഷിച്ചത്. 1980 കളുടെ ചരിത്രസന്ധിയിൽ നിന്നുകൊണ്ടാണ് ഒന്നാംഭാഗത്തിന്റെ ആഖ്യാനം. തെരുവ് ഇപ്പോളൊരു കച്ചവടകേന്ദ്രവും വിനോദസഞ്ചാരകേന്ദ്രവുമണ്. ഇസ്രായേലിലേക്കു പോയവർ ലെയ്നിലെ തീവണ്ടിപോലുള്ള വീടുകൾ കിട്ടിയ വിലയ്ക്ക് വിറ്റു. അതുവാങ്ങിയവർ കച്ചവടക്കാർക്കു വാടകയ്ക്ക് നൽകി. 'പല നാടുകളിൽ നിന്ന് വന്നവർ. കാശ്മീരികൾ, ഗുജറാത്തികൾ, കർണ്ണാടകക്കാർ, തമിഴന്മാർ, സിനഗോഗ് ലെയ്നിലെ അന്തരീക്ഷത്തിൽ പല ഭാഷകൾ കൂടിക്കലർന്ന് വീണ്ടും ജീവിതം സജീവമായി. ചെറുപ്പക്കാരുടെ പ്രണയഭാഷണങ്ങളില്ലാതെ, പിഞ്ചുകുഞ്ഞുങ്ങളുടെ കിളിക്കൊഞ്ചലുകളില്ലാതെ സെമിത്തേരി പോലെ മരിച്ച തെരുവിൽ പുനർജീവിതത്തിന്റെ ജീവവായു നിറച്ചത് ഈ കച്ചവടക്കാരും ടൂറിസ്റ്റുകളുമാണ്' (പു.33).

ജൂതന്മാർക്കിടയിലെ 'കോഹൻ' അഥവാ 'കോച്ച' എന്നു വിളിക്കുന്ന ഡാനിയൽ കോഹന്റെയും ഭാര്യ റൂബി കോഹന്റെയും വാർദ്ധക്യജീവിതത്തിലെ ഏകാന്തതയിലേക്ക്

അമീർബാവ എന്ന 12 വയസ്സുകാരനായ മുസ്ലീം പയ്യൻ സഹായിയായി കടന്നുവരുന്നതോടെയാണ് നോവലിന്റെ ആഖ്യാനം ചലനം കൊള്ളുന്നത്. ഡാനിയൽ കോഹൻ കറുത്ത ജൂതനാണ്. റൂബിയാകട്ടെ വെളുത്ത ജൂതത്തിയും. മോശയുടെ പിൻഗാമികളാണ് കോഹമാരെന്ന് വിശ്വസിക്കപ്പെടുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ ബാഗ്ദാദിൽ നിന്നു കച്ചവടത്തിനുവന്ന ജേക്കബ് ഡേവിഡ് എന്ന കോഹനോട് ഇവിടെ നിൽക്കണമെന്ന് ജൂതക്കൂട്ടം അപേക്ഷിച്ചുവത്രെ. പുരോഹിതകുടുംബത്തിൽനിന്ന് വിവാഹവും നടത്തിക്കൊടുത്തു. അയാളുടെ മകൻ പിതാവിനെ തിരക്കിയെത്തിയപ്പോൾ അയാളെയും പിടിച്ചുനിർത്തി. അയാളും പൗരോഹിത്യം ഏറ്റെടുത്തു. കോഹമാരെ നാട്ടുകാർ കോച്ചയെന്നു വിളിച്ചു. ക്രമേണ ജൂതന്മാരെല്ലാം കോച്ചമാരായി. കോച്ചമാരുടെ അങ്ങാടി കൊച്ചങ്ങാടിയായി. ഇതാണ് കോച്ചമാരുടെയും കൊച്ചങ്ങാടിയുടെയും ചരിത്രവും സംസ്കാരവും. കോഹൻ-റൂബി ദമ്പതികൾക്ക് കുട്ടികളില്ല. സിനഗോഗ് ലെയിനിൽ ചെക്ക്ബുഷ് ഷർട്ടും കാക്കി ട്രൗസറുമിട്ട് വിയർത്തൊലിച്ചുവന്ന ആ ജോനകപയ്യൻ അവർക്ക് ഒരു ബന്ധുവിനെപ്പോലെയായിത്തീരുന്നു. ഡാനിയൽ കോഹൻ മരിച്ചപ്പോൾ മഞ്ചൽ ചുമന്നതിന് അവന് സ്വസമുദായത്തിൽ നിന്ന് അവഹേളനമുണ്ടായി എങ്കിലും പുരോഗമനവാദിയായ മൊയ്തീൻ നീന അവനെ സമാധാനിപ്പിച്ചു. മയ്യത്തിനെ ആരുടേതായാലും ബഹുമാനിക്കണമെന്നല്ലേ റസൂൽ പഠിപ്പിച്ചത് എന്നയാൾ ഓർമ്മിപ്പിച്ചു. ജൂതന്റെ മയ്യത്തുകട്ടിൽ കൊണ്ടുപോകുന്നതുകണ്ട് നമ്പി ആദരവോടെ എഴുന്നേറ്റുനിന്നതായി ഹദീസ്സുണ്ട് എന്നയാൾ പറഞ്ഞപ്പോഴാണ് അവന് സമാധാനമായത്.

അമീർബാവയുടെ അനുഭവങ്ങളിലും കാഴ്ചയിലും കൂടിയാണ് ജൂതത്തെരുവിന്റെ ചരിത്രവർത്തമാനങ്ങൾ ചിത്രണം ചെയ്യുന്നത്. വെളുത്ത ജൂതന്മാരും കറുത്ത ജൂതന്മാരും തമ്മിലുള്ള നൂറ്റാണ്ടുകൾ നീണ്ട വർണവെറിയുടെ പല കഥകളും അമീർ ബാവ കേട്ടിട്ടുണ്ട്. ജൂതത്തെരുവിൽ വിപ്ലവം സൃഷ്ടിച്ച പ്രണയവിവാഹങ്ങളിലൊന്നായിരുന്നു കറുത്ത ജൂതനായ സാമുവൽ ശാലോം എന്ന സമ്മിയങ്കിളും വെളുത്ത ജൂതത്തിയായ സീമയാന്റിയും തമ്മിലുണ്ടായത്. അവരുടെ മകൻ കെന്നി ഇസ്രായേലിലും മകൾ ലിൻഡ അമേരിക്കക്കാരനായ, കൊച്ചിയിൽ ടൂറിസ്റ്റായി വന്ന സ്റ്റീവ് ജോണിനെ വിവാഹം കഴിച്ച് അമേരിക്കയിലുമാണ്. സിനഗോഗിന്റെ കാര്യസ്ഥനായ ജാക്കി കൊച്ചിയിലെ ജൂതന്മാരിൽ ഏറ്റവും സമ്പന്നനായ സോളമൻ കഡൂരിയുടെ മകൾ ലൂണയെയാണ് വിവാഹം കഴിച്ചത്. 90 വയസ്സിൽ മരിക്കുന്നതുവരെ വിഭാര്യനായി കഴിഞ്ഞിരുന്ന ഐസക് അഷ്കനാസി തുടങ്ങി വാർധക്യത്തിലും ഏകാന്തതയിലും കഴിയുന്ന ഏതാനും ജൂതകുടുംബങ്ങൾ മാത്രമാണിപ്പോൾ ലെയ്നിലെ താമസക്കാർ. ചെറുപ്പക്കാരെല്ലാം വാഗ്ദത്തഭൂമിയിലേക്ക് ചേക്കേറി. ഇവിടെ നിന്നാലവർക്ക് പെണ്ണുകിട്ടില്ല, ജോലികിട്ടില്ല പിന്നെയെന്തിനാണ് ഇവിടെക്കിടന്ന് നരകിക്കുന്നതെന്ന് തോന്നിക്കാണണം. സമ്മിയുടെ ചിന്ത

മറിച്ചാണ്. ഇവിടെ എന്തിന്റെ കുറവുണ്ടായിട്ടാണ് മനസ്സമാധാനം വിധിച്ചിട്ടില്ലാത്ത ആ വിദൂരരാജ്യത്തേക്ക് എണ്ണിപ്പെറുക്കി വിറ്റുപോയത് എന്നയാൾ മനസ്സിൽ ചോദിക്കുന്നുണ്ട്. ജൂതത്തെരുവിൽ ജന്നത്തുൽ കാശ്മീർ എന്ന പേരിൽ പരവതാനിക്കട നടത്തുന്ന സഫർ ഇംതിയാസ് എന്ന കാശ്മീരി യുവാവിനോടു സമ്മി നടത്തുന്ന സംഭാഷണത്തിൽ, അശാന്തിയുടെയും പ്രവാസത്തിന്റെയും വർത്തമാന രാഷ്ട്രീയ സാഹചര്യങ്ങൾ കടന്നുവരുന്നുണ്ട്. വൃദ്ധരായ ബാപ്പയെയും ഉമ്മയെയും തനിച്ചാക്കി അന്യനാട്ടിൽ വന്ന് ഉപജീവനം നടത്തുകയാണയാൾ. ഒരനുജനെ ഭീകരനെന്നാരോപിച്ച് പട്ടാളം കൊന്നു. കളിക്കൂട്ടുകാരന്റെ 17 കാരിയായ പെങ്ങളെ പട്ടാളക്കാർ കൂട്ടബലാത്സംഗം ചെയ്തു. പോലീസ് വെടിവെയ്പിൽ ഇളേപ്പയുടെ ഒരു കാൽ നഷ്ടപ്പെട്ടു. ഇതൊക്കെയാണ് അയാളുടെ ദുരനുഭവങ്ങൾ.

സാമുവേൽശാലോം എന്ന സമ്മി തന്റെ ഭൂതകാലം ആരോടും വെളിപ്പെടുത്താറില്ല. അങ്ങനെയിരിക്കെയാണ് സിനഗോഗ് ലെയ്നിന്റെ ചരിത്രമെഴുതാൻ വന്ന ഫ്രീലാന്റ് ജേണലിസ്റ്റ് ഡയാന ഫെർണാണ്ടസ്, വാൾസ്ട്രീറ്റ് ജേണലിനുവേണ്ടി തയ്യാറാക്കുന്ന 'Appartheid in the Jewish Community in Kerala' എന്ന പരമ്പരയ്ക്കുവേണ്ടി വിവരങ്ങൾ തേടി സമ്മിയെ സമീപിക്കുന്നത്. ജൂതസമൂഹത്തിലെ വർണവിവേചനത്തിനെതിരെ പ്രവർത്തിച്ച സ്വാതന്ത്ര്യസമരസേനാനിയും പരിഷ്ക്കരണവാദിയുമായിരുന്ന ജൂതഗന്ധി എന്നറിയപ്പെട്ട എബ്രഹാം ബാരക് ശാലോംമിനെക്കുറിച്ചാണ് അവർക്ക് വിവരങ്ങൾ വേണ്ടിയിരുന്നത്. താൻ അദ്ദേഹത്തിന്റെ മകൻ ആണെന്ന് വെളിപ്പെടുത്തുന്നു സമ്മി. ആഗോളപ്രശസ്തനായിരുന്ന ജൂതസമൂഹത്തിലെ പരിഷ്ക്കരണവാദി. പരദേശിപ്പള്ളിയിലെ ആരാധനാസ്വാതന്ത്ര്യത്തിനുവേണ്ടി അക്രമരഹിതമായ സമരം നടത്തി. വിദേശ പത്രലേഖികയ്ക്കുവേണ്ടി സമ്മി തന്റെ കുടുംബത്തിന്റെ ചരിത്രവിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ നൽകുന്നു. ജൂതവംശചരിത്രവും കുടുംബചരിത്രവും ഇഴചേർന്ന് നോവലിന്റെ പ്രമേയം വികാസഗതിയാർജ്ജിക്കുന്നത് ഇങ്ങനെയാണ്.

## കായേൽ-ആബേൽ ഫാക്ടർ

സമ്മിയുടെ ബാല്യകാലസ്മരണകളിലൂടെ, പപ്പ പറഞ്ഞ കഥകളുടെ ഓർമ്മകളിലൂടെ ജൂതസമൂഹത്തിനുള്ളിലെ വർണവിവേചനത്തിന്റെ പുരാവൃത്തവും ചരിത്രവും അവതരിപ്പിക്കുന്നു. അതിൽ പ്രധാന പുരാവൃത്തം കായേൻ-ആബേൽ ഫാക്ടറിന്റെ പ്രവാസഭൂമിയിലെ ആവർത്തനമാണ്. 'ആദം പിതാവിന്റെ മക്കളായ ആബേലും കായേനും. യഹോവയെ സ്നേഹിക്കുന്ന നല്ലവനായ ആബേൽ ദൈവത്തെ ധിക്കരിച്ച കായേൻ. യഹോവയ്ക്ക് പ്രിയപ്പെട്ടവനായതുകൊണ്ടല്ലേ ആബേലിനെ കായേൻ കൊന്നത്. നീതിക്കുവേണ്ടി ആബേലിന്റെ രക്തം നിലവിളിച്ചപ്പോൾ, കായേൻ ചോദിച്ചത് 'ഞാനെന്താ

എന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനാണോ' എന്നാണ്. ആ ചോദ്യംതന്നെയാണ് ജൂത ത്തെരുവിലും മുഴങ്ങുന്നത്. വിദ്വേഷം നിറഞ്ഞ മനസ്സുമായി കായേന്റെ ആത്മാവ് ജൂത ത്തെരുവിലും അലഞ്ഞുതിരിയുന്നു എന്ന തിരിച്ചറവാണ് പപ്പയുടെ ജീവിതത്തിൽനിന്നും സ്വന്തം അനുഭവങ്ങളിൽനിന്നും ചരിത്രപാഠങ്ങളിൽനിന്നും സമ്മി മനസ്സിലാക്കിയത്. ജോസഫ് റബ്ബാൻ പടുത്തുയർത്തിയ മുസ്രിസ് എന്ന ഷിങ്ഗ്ളിയിലെ 'അഞ്ചുവനം' എന്ന യഹൂദ ഗ്രാമത്തിന്റെ കഥ അതാണ് വിളിച്ചോതുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൂട്ടംതെറ്റിയ കുഞ്ഞാടുകളെപ്പോലെ ചിതറിപ്പോയ യൂദഗോത്രങ്ങൾക്ക് ചീനവലക്കൈകൾ കൂപ്പി അഭിവാദ്യമർപ്പിച്ച കൊടുങ്ങല്ലൂർ ലോകത്തിലെ പ്രശസ്ത മായ തുറമുഖങ്ങളിലൊന്നായിരുന്നു. 'ബാബേലിൽ നിന്നും നിനവെയിൽനിന്നും ദമാ സ്കസിൽനിന്നും അലെപ്പോവിൽനിന്നും പീഡനം സഹിക്കവയ്യാതെ ഓടിപ്പോന്നവർ.' (പു.44). ഷിങ്ഗ്ളി എന്ന കൊടുങ്ങല്ലൂർ അവർക്ക് രണ്ടാം ജറുസലേം ആയിരുന്നു. അവിടെ അവർക്ക് പ്രത്യേക അധികാരം കല്പിച്ചുകിട്ടി. അവിടെ ഒരു യഹൂദ രാജ്യം തന്നെ സ്ഥാപിതമായി.

72 തലമുറ നീണ്ട യഹൂദരാജ്യം തകർന്നത് അധികാരദുരകൊണ്ടെന്ന് ചരിത്രം. അതിനുനിമിത്തമായത് കായേൽ-ആബേൽ ഫാക്ടർ ആയിരുന്നുവത്രെ. കായേനിനെയും ആബേലിനെയും പോലെ കൊടുങ്ങല്ലൂരിലെ ജൂതചരിത്രത്തിൽ ജോസഫ് ഹസാർ, ആറോൺ സഹോദരന്മാരുമുണ്ടായിരുന്നു. രണ്ടുപേരും വിവാഹം കഴിച്ചത് സഹോദരി മാരെ. ഇളയവളാണ് ജോസഫ് ഹസാറിന്റെ ഭാര്യ, രാജപത്നി. രാജാവിനോടൊപ്പം സഭ യിലിരിക്കാനും പൊതുചടങ്ങുകളിൽ പങ്കെടുക്കാനുമുള്ള അവകാശം അനുജത്തിക്ക്. ഏട്ടത്തിക്ക് അതു സഹിച്ചില്ല. ഒരാൾ തന്നെ ജീവിതകാലം മുഴുവൻ രാജപദവി അനുഭ വിച്ചാൽ മതിയോ എന്ന് ഭർത്താവിനെ പിരികേറ്റി. പെണ്ണുങ്ങൾ തമ്മിലുള്ള അസൂയ ജൂതന്മാർക്കിടയിലെ തമ്മിലടിയിലും നാട്ടുകാരുമായുള്ള ഏറ്റുമുട്ടലിലും കലാശിച്ചു. ജോസഫ് ആറോണിനെ കൊലചെയ്തു. കലാപം ഭയന്ന് കൊച്ചിയിലേക്ക് ഒളിച്ചോടി. കൊടുങ്ങല്ലൂരിൽനിന്ന് ജൂതന്മാർ എല്ലാമുപേക്ഷിച്ച് പരവൂരേക്കും മാളയിലേക്കും കൊച്ചി യിലേക്കും പോകേണ്ടിവന്നു. കൊച്ചിയിലെത്തിയ ജോസഫ് ഹസാർ, അനിയന്റെ ചോര പുരണ്ട കൈകൊണ്ട് കൊച്ചങ്ങാടിയിൽ ആദ്യത്തെ പള്ളി പണിതു. കൊടുങ്ങല്ലൂർ എന്ന പുണ്യഭൂമിയുടെ വംശസ്മൃതിയായി മരിച്ചാൽ ജറുസലേമിലെയും കൊടുങ്ങല്ലൂരിലെയും ഒരുതരി മണ്ണ് രണ്ടു കണ്ണിലും നുള്ളിയിട്ടിട്ടാണ് അടക്കുക. ചെന്നിടത്തെല്ലാം ദുരയു ടെയും ഉപജാപത്തിന്റെയും വർണവിവേചനത്തിന്റെയും ചരിത്രം ആവർത്തിച്ചുകൊ ണ്ടിരുന്നു.

സിനഗോഗ് ലെയ്നിലെ ജൂതകുടുംബങ്ങളുടെ ജീവിതം ദുരന്തങ്ങളുടെയും അതി ജീവനശ്രമങ്ങളുടെയും ദാരുണമായ അനുഭവങ്ങളിലൂടെ കടന്നുപോവുകയാണ്. ഡാനി

യേൽ കോഹന്റെ മരണം സൃഷ്ടിച്ച ഏകാന്തതയിൽ റൂബിക്ക് ആശ്വാസം പകർന്ന് പണ്ട് ബോംബെയിലേക്കു പോയ സഹോദരൻ എബ്രേംകോഹൻ തിരിച്ചെത്തുന്നു. ജൂതത്തെരുവിൽ ജനിച്ച ആദ്യത്തെ കോഹനാണയാൾ, അവിവാഹിതനാണ്. എന്തൊക്കെയോ ദുരൂഹതകൾ ബാക്കിയാക്കി, റൂബിക്ക് താങ്ങാൻപറ്റാത്ത ആഘാതം നൽകി എബ്രേം കോഹൻ തൂങ്ങിമരിക്കുന്നു. സീമയുടെയും സമ്മിയുടെയും ജീവിതവും അനിശ്ചിതത്വങ്ങളിലൂടെ കടന്നുപോകുന്നു. അമേരിക്കയിലുള്ള മകളെയോർത്ത് അവർക്ക് ഉത്ക്കണ്ഠയുണ്ട്. മൂന്നരവയസ്സുള്ള കുഞ്ഞുമകളെ കാണാൻ ഇടയ്ക്ക് സീമ വീഡിയോകാൾ ചെയ്യാറുണ്ട്. അപ്പോഴൊക്കെ ലിൻഡ എന്തൊക്കെയോ തിരക്ക് പറഞ്ഞ് ഒഴിവാക്കും. ഇടയ്ക്ക് അവൾ സെപ്പറേഷൻ എന്നൊരു വാക്ക് പറഞ്ഞത് സീമയിൽ ആശങ്കയുണ്ടാക്കുന്നു. സ്നേഹത്തിനുവേണ്ടി കൊതിക്കുന്ന മനസ്സാണ് സീമയുടേത്. സ്നേഹവും വാത്സല്യവും കിട്ടാത്ത ബാല്യകാലമായിരുന്നു അവരുടേത്. അറുത്ത കൈയ്ക്ക് ഉപ്പു തേയ്ക്കാത്ത, മർച്ചന്റ് ഓഫ് വെനീസിലെ ഷൈലോക്കിനെ ഓർമ്മിപ്പിക്കുന്ന തരത്തിൽ പലിശയ്ക്ക് കൊടുത്ത് ഒരുപാട് പേരുടെ ശാപം ക്ഷണിച്ചുവരുത്തി. അരക്ഷിതവും അരാജകവുമായ കുടുംബാന്തരീക്ഷത്തിൽ നിന്നുള്ള മോചനമായിരുന്നു സമ്മിയുമായുള്ള പ്രണയവും വിവാഹവും.

ജൂതന്മാർക്കിടയിലെ അതിസമ്പന്നകുടുംബമാണ് കഡൂരിയുടേത്. സോളമൻ കഡൂരിക്ക് അഞ്ച് മക്കളാണ്. മൂന്ന് ആണും രണ്ട് പെണ്ണും. മൂത്തമകൾ ദബോറയ്ക്ക് ക്ഷയരോഗമായതിനാൽ കുഞ്ഞിനെ പാലൂട്ടാൻ കഴിയാതായി. വംശനാശത്തിന്റെ അവസ്ഥയിൽ നിന്ന് കുടുംബത്തെ രക്ഷിക്കാൻ കമ്മ്യൂണിസ്റ്റായ ഉമ്മച്ചന്റെ പെങ്ങൾ മറിയക്കുട്ടി തയ്യാറായി. മീൻ പിടിക്കാൻ പോയ അവളുടെ മരയ്ക്കാൻ തിരികെ വന്നില്ല. ദാരിദ്ര്യത്തിൽ നിന്നുള്ള മോചനമായിരുന്നു അവൾക്ക് ലഭിച്ച ഓഫർ. മകൾ ജോണിക്കുട്ടിയ്ക്ക് മുലപ്പാൽ നിഷേധിച്ച് അവൾ ജൂതക്കുട്ടിക്ക് പാല് കൊടുക്കാൻ കഡൂരിമാൻഷനിൽ താമസിച്ചു. മൂത്തമകൾ ത്രേസ്യയും അമ്മയോടൊപ്പം കഡൂരികുടുംബത്തിൽ എത്തി. അവൾ മുതിർന്നപ്പോൾ മോസസ് കഡൂരി തന്റെ ഡ്രൈവർ ജോസഫിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. അതിനിടെ കൊച്ചിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനം ശക്തമായി. ഉമ്മച്ചന് പോലീസ് മർദ്ദനമേറ്റു. അധികം വൈകാതെ രോഗിയായി മരിച്ചു. തന്റെ അമ്മിഞ്ഞപ്പാൽ കുടിച്ചാണ് ജൂതപ്രമാണികൾ വളർന്നത് എന്ന് ജോണിക്കുട്ടി എപ്പോഴും പറയുമായിരുന്നു. ജൂതസമൂഹത്തിന്റെ പാരസ്പര്യത്തിലൂടെയുള്ള അതിജീവനത്തിന്റെ വിശദാംശങ്ങൾ ഇങ്ങനെ അവതരിപ്പിക്കുന്നു നോവലിസ്റ്റ്. സമ്മിയുടെ വീട്ടിൽ നിന്ന് ആക്രിസാധനങ്ങൾ പെറുക്കിക്കൂട്ടിയ കൂട്ടത്തിൽ നീലച്ചട്ടയുള്ള നാല് നോട്ടുബുക്കുകൾ കണ്ടെത്തുന്നു. തിരക്കഥാകാരനും നോവലിസ്റ്റുമായ മോസസ് കെ. യ്ക്ക് സമ്മി പറഞ്ഞുകൊടുത്ത് വീട്ടിലിരുന്നെഴുതിയ കുടുംബചരിത്രമായിരുന്നു അതിൽ. 1750 മുത

ലാരംഭിക്കുന്ന ജൂതകുടുംബകഥ നോവലിന്റെ രണ്ടാംഭാഗത്തിൽ ആഖ്യാനം ചെയ്യപ്പെടുന്നത് ഈ സങ്കേതത്തിലൂടെയാണ്.

## നീലച്ചട്ടയുള്ള നോട്ടുബുക്ക്

നീലച്ചട്ടയുള്ള നോട്ടുബുക്കിലെ അക്ഷരങ്ങളിൽ കറുത്തജൂതരും വെളുത്തജൂതരും തമ്മിലുള്ള വർണവിവേചനത്തിന്റെയും കലർപ്പിന്റെയും കായേൻ-ആബേൽ ഫാക്ടറിന്റെയും സംഘർഷഭരിതമായ ചരിത്രമായിരുന്നു അടങ്ങിയിരുന്നത്. അവിടെ 1750 കളിൽ ജൂതത്തെരുവിലേക്ക് തൊഴിൽതേടി വന്ന നിരാലംബയായ ഒരു അമ്മയെയും മകളെയും കാണുന്നു. അതിസമ്പന്നരായ ബാഗ്ദാദി യഹൂദികൾക്കിടയിൽ സാസൂൺ എന്നറിയപ്പെടുന്ന കുടുംബത്തിന്റെ ശാഖ ബോംബെയിലുണ്ടായിരുന്നു. പിന്നീട് അവർ നിരാലംബരായി അതിജീവനം തേടി കൊച്ചിയിലെ ജൂതത്തെരുവിലെത്തുന്നു. റോഷ്ഹസാന എന്നറിയപ്പെടുന്ന പുതുവത്സരദിനത്തിൽ ആ അമ്മയും മകളും ദവറേച്ചി എന്ന ജൂതസ്ത്രീയുടെ വീട്ടിലെത്തുന്നു. ദവറേച്ചി വീട്ടുജോലിക്കാരിയായി കൗമാരക്കാരിയായ ദിനയെ സ്വീകരിക്കാൻ തയ്യാറാകുന്നു. ദിനയുടെ സൗന്ദര്യവും മിടുക്കുമാണ് അവരെ ആകർഷിച്ചത്. ദവറേച്ചിയും മകനും മാത്രമാണ് വീട്ടിലുള്ളത്. മകൻ അവിവാഹിതനാണ്. വീട്ടിലെ ഒരംഗമായിത്തീർന്ന അവൾ താമസിയാതെ ദവറേച്ചിയുടെ മകൻ ദാവോയിൽ നിന്ന് ഗർഭിണിയാകുന്നു. വെളുത്ത ജൂതന്റെ വെപ്പാട്ടിയായിത്തീർന്ന അവൾ ഹെന്ന എന്ന അതിസുന്ദരിയായ മകൾക്ക് ജന്മം നൽകി. ഹസുക്ക പെരുന്നാളിൽ സിനഗോഗിൽ വിളക്കുകൊളുത്താനെത്തിയ ജൂതപ്രമാണി ശാലോമി മുതലിയാർക്ക് ദവറേച്ചി വീട്ടിൽ വിരുന്ന് നൽകി. ഹെന്നയെക്കണ്ട് അയാൾ പ്രേമവിവശനായി. അടിമപ്പെണ്ണിനെ ഭാര്യയായി സ്വീകരിക്കുന്നതിന് പ്രമാണങ്ങളിൽ വിലക്കുണ്ടായിരുന്നു. "നാം നമ്മുടെ ദൈവത്തോട് അവിശ്വസ്തത കാണിച്ച് ദേശത്തെ അന്യസ്ത്രീകളെ വിവാഹം ചെയ്തു. എങ്കിലും ഇസ്രായേലിന് ഇപ്പോഴും ആശയ്ക്ക് വകയുണ്ട്. നമ്മുടെ ദൈവത്തിന്റെ കല്പനകൾ അനുശാസിക്കുന്നതിനനുസരിച്ച് ഈ ഭാര്യമാരെയും കുട്ടികളെയും ഉപേക്ഷിക്കുമെന്ന് നമുക്ക് ദൈവത്തോട് പ്രതിജ്ഞ ചെയ്യാം" (പു.120) എന്ന് 'എസ്റ'യിൽ പറയുന്നു. വെളുത്ത ജൂതനും യഹൂദ സമൂഹത്തിന്റെ കൊച്ചിരാജസഭയിൽ പ്രതിനിധി കൂടിയായ ശാലോമി മുതലിയാർക്ക് അതൊന്നും പ്രശ്നമല്ലായിരുന്നു.

കൊച്ചിയിലെ പരദേശിക്കൂട്ടമറിയാതെ ചേർത്തലയിലെ എസ്റ്റേറ്റിൽ വെച്ച് ശാലോമി മുതലിയാർ ഹെന്നയെ വിവാഹം കഴിച്ചു. കെത്തുമ്പ എന്ന വിവാഹക്കരാറിൽ ഒപ്പുവയ്ക്കാതെ അനുഗ്രഹമന്ത്രം ചൊല്ലാൻ റബ്ബി ഇല്ലാതെ, കൂട്ടുകാർ നോക്കിനിൽക്കെ വരൻ വധുവിന്റെ ചൂണ്ടാണിവിരലിൽ സ്വർണ്ണമോതിരമണിയിച്ചു. വെളുത്ത തമ്പുരാക്കന്മാർക്ക് എന്താണ് ചെയ്യാൻ പാടില്ലാത്തത് എന്ന് ആളുകൾ അടക്കം പറഞ്ഞു. ഹെന്നയുടെ

ജീവിതം സന്തോഷം നിറഞ്ഞതായിരുന്നു. ബംഗ്ലാവിൽ രാജ്ഞിയെപ്പോലെ അവൾ ജീവിച്ചു. എന്നാൽ അവൾക്ക് ജൂതസമൂഹത്തിൽ അംഗീകാരം ലഭിച്ചില്ല. കൊച്ചിരാജ്യ സഭയിലെ യഹൂദരുടെ പ്രതിനിധിയായ മുതലിയാരുടെ പങ്കാളിയായിരുന്നിട്ടും പരദേശി ജൂതന്മാരുടെ വിവാഹത്തിനും വിരുന്നുകൾക്കും പള്ളിയിലും അവൾക്ക് പ്രവേശനം ലഭിച്ചില്ല. കൂട്ടത്തിൽനിന്നൊരുവളെ ഭാര്യയായി 'ഹലാഹ' അനുസരിച്ച് സ്വീകരിക്കാൻ അവൾ മുതലിയാരെ നിർബന്ധിച്ചു. അങ്ങനെയായാൽ താനും മക്കളും അടിമത്തത്തിൽ നിന്നു മോചിതരാവും. പരദേശി ജൂതന്മാരുടെ പ്രശസ്തമായ കാസ്റ്റിയൻ കുടുംബ ത്തിൽനിന്ന് വിധവയായ സൊമാച്ചിയെ ഭാര്യയായി മുതലിയാർ സ്വീകരിക്കുന്നു. 'ആവോ' എന്നുവിളിക്കുന്ന എബ്രഹാം സോളമൻ ഹലേഗ്വാ എന്ന മകനും, റേച്ചൽ, സാറ, ലേഹ്, റിവ്ക എന്നീ പെൺമക്കളുമാണ് ഹെന്നയ്ക്കുണ്ടായത്. കൊടുങ്ങല്ലൂരിലെ വ്യാപാരി ദൊയ്ക്കോയുടെ മകളെ ആവോ വിവാഹം ചെയ്തു. സൊമാച്ചിയുടെ വരവോടെ കുടും ബത്തിൽ അപസ്വരങ്ങൾ ഏറി. സൊമാച്ചിയുടെ മകൻ ഐസക് സോളമൻ കാസ്റ്റിയൽ സാമ്പത്തിക അധകാരം കൈപ്പിടിയിലൊതുക്കി. ആവോയും കുടുംബവും ജൂതത്തെ രുവിലേക്കുമാറി. ഹെന്നയും മകനോടൊപ്പം പോയി. വർഷങ്ങൾക്കുമുമ്പ് ഉമ്മയുടെ കയ്യും പിടിച്ച് ജൂതത്തെരുവിലേക്കുവന്ന ഹന്ന, അന്നോ മുത്തിയായി തിരിച്ചെത്തി. ജൂതത്തെ രുവിന്റെ കഥകൾ പറയുന്ന ജൂതമലയാളം പാട്ടുകൾ പാടുന്ന മുത്തി.

ചെറിയ ന്യൂനപക്ഷം വരുന്ന വെളുത്തജൂതന്മാർ തങ്ങളോടുകാണിക്കുന്ന വിവേ ചനങ്ങൾക്കെതിരെ ആവോ പ്രതികരിക്കുന്നു. ആരാധനാസ്വാതന്ത്ര്യം ഓരോ മനുഷ്യനും അവകാശപ്പെട്ടതാണ്. മൗലികാവകാശമാണത് എന്ന് ആവോ വാദിക്കുന്നു. ആരാധന കളിൽനിന്നും അനുഷ്ഠാനങ്ങളിൽനിന്നും അകറ്റിനിർത്തുന്നത് അനീതിയാണ് മതവി രുദ്ധമാണ്. പന്തിഭോജനവും വിവാഹബന്ധവും നിഷേധിക്കുന്നത് തികഞ്ഞ വംശവെ റിയാണ്. വിശ്വാസത്തിന്റെ മാനദണ്ഡം തൊലിയുടെ നിറമല്ല. അതിനെതിരെ അവസാന ശ്വാസംവരെ പൊരുതും എന്ന് ആവോ പ്രഖ്യാപിക്കുന്നു. 'രണ്ടായിരത്തോളം കൊല്ലം പഴക്കമുള്ളതാണ് നമ്മുടെ ആളോള്. സോളമന്റെ കാലംതൊട്ട് വന്നവർ. അവർ നാട്ടു കാരികളെ കെട്ടി ഇവിടെ പൊറുതിയായി. ആ ബന്ധത്തിലുണ്ടായവരാണ് നമ്മുടെ കാക്ക കാരണവന്മാർ. യുദ്ധത്തിൽ പങ്കെടുത്തതിന് കൊച്ചിരാജാവ് റബ്ബാന് നൽകിയ ചെപ്പേ ടാണ് അവര് പരദേശിപ്പള്ളീല് കൊണ്ടുപോയി വെച്ചേക്കണത്. തീവെട്ടിക്കൊള്ളയല്ലേ ഇത്' (പു.138). വർണവെറിക്കെതിരെ ആവോയുടെ വിപ്ലവചിന്തകൾ കത്തിപ്പടരുന്നു. ഉന്നതങ്ങളിൽ സ്വാധീനം ചെലുത്തി കറുത്ത ജൂതർക്ക് പള്ളിയിൽ ആരാധനാസ്വാതന്ത്ര്യം നേടിയെടുക്കാൻ ആവോ ശ്രമിക്കുന്നു. അതിന് അയാൾക്കു വലിയ വില കൊടുക്കേ ണ്ടിവന്നു.

ആവോയുടെ മകൻ ഇത്താക്കു മതപാണ്ഡിത്യം നേടി തോറ മുഴുവൻ ഹീബ്രു കൈപ്പടയിലെഴുതി. വെളുത്ത ജൂതന്മാർ ഇതറിഞ്ഞു. ഇത്താക്കുവിന്റെ നേതൃത്വത്തിൽ സമൂഹപ്രാർത്ഥന നടത്തുന്നിടത്ത് ആക്രമണമുണ്ടായി. പിറ്റേന്ന് ഇത്താക്കുവിന്റെ മൃത ദേഹം കായലിൽ പൊന്തിക്കിടന്നു. കറുത്ത ജൂതന്മാർക്കെതിരെ നടന്ന ഈ കൊടും ക്രൂരതയ്ക്കു പിന്നിൽ ഐസക് സോളമൻ കാസ്റ്റിയൽ കൂടിയുണ്ടായിരുന്നു. കായേന്റെ പുരാതനമായ ചോദ്യം കാതിൽ മുഴങ്ങി. ദൈവം വാഗ്ദാനം ചെയ്ത സ്വർഗ്ഗരാജ്യം തേടിയുള്ള യാത്ര കറുത്ത ജൂതരുടെ ജീവിതത്തിൽ ആവർത്തിക്കുന്നു. കൊച്ചങ്ങാടി യിൽനിന്ന് ഫോർട്ടുകൊച്ചിയിലേക്ക് വിശ്വാസസ്വാതന്ത്ര്യം തേടിയുള്ള യാത്രയുണ്ടാകു ന്നു. ഫോർട്ടുകൊച്ചി ലില്ലിസ്ട്രീറ്റിൽ അവർ താമസമാക്കി. ഇത്താക്കുവിന്റെ വിധവ യായ ഭാര്യയെയും മകൻ ജാഫെത്തിനെയും നോക്കണം, വിധവകളായ രണ്ടു പെങ്ങ ന്മാരെ സംരക്ഷിക്കണം. പിതൃസ്വത്ത് ആർക്കും കിട്ടിയിട്ടില്ല. ഇങ്ങനെ വല്ലാത്ത പ്രതി സന്ധിയിൽ അകപ്പെടുന്നു ആവോ. കറുത്തജൂതരെ സ്വയം പരിശീലിപ്പിച്ച് സ്വയം പര്യാ പ്തരാകാൻ അയാൾ ശ്രമം നടത്തുന്നു. കുറേപ്പേർ തൊഴിൽ തേടി അന്യനാടുകളി ലേക്ക് പോയി. തുന്നൽ, എംബ്രോയ്ഡറി, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയ ജോലി കൾ പഠിച്ച് ദാരിദ്ര്യം അതിജീവിക്കാൻ പലർക്കും കഴിഞ്ഞു. അതിനിടെ വസൂരിയുടെ ആക്രമണം ഉണ്ടായി. തന്റെ ജനതയുടെ വിമോചനം സ്വപ്നം കണ്ട ആവോയുടെ ജീവിതം മുഴുഭ്രാന്തിൽ അവസാനിക്കുന്നു.

## അതിജീവനം

വർണവെറിയുടെ കൊടിയ അനീതിയും ഹിംസയും മഹാമാരിയുടെ പ്രഹരവും എല്ലാംചേർന്ന് ജീവിതാസ്പദങ്ങൾ തകർന്നുപോയ ജനങ്ങളിൽ ഏറിയ പങ്കും ഭ്രാന്തു പിടിച്ചും നാടോടികളായും ചിതറിയൊടുങ്ങി. ചിലരെങ്കിലും ദാരുണമായ സാഹചര്യ ങ്ങളെ അതിജീവിച്ചു. വർണവിവേചനത്തിന്റെ രക്തസാക്ഷിയായ ഇത്താക്കുവിന്റെ മൂന്നു മക്കളും പലവഴിക്ക് ചിതറിപ്പോയി. ജാഫെത്ത് നാടുവിട്ടു. തുർക്കിയിലെ കോണിയിൽ നിന്നുവന്ന ഒരു റബ്ബി റബേക്കയെ വിവാഹം കഴിച്ചു. അവൾ ശാലോമിനെ പ്രസവിക്കു ന്നതിനുമുമ്പ് തുർക്കിയിലേക്ക് അയാൾ തിരിച്ചുപോയി പിന്നെ മടങ്ങിവന്നില്ല. തുന്നൽ പഠിക്കാൻ പോയ മരിയയെ കട നടത്തിയിരുന്ന നസ്രാണിയായ സേവ്യർ വിവാഹം ചെയ്തു. എസ്തർ എന്ന മകൾ ജനിച്ച് അധികകാലം കഴിയുംമുമ്പെ അയാൾ ക്ഷയ രോഗം ബാധിച്ചുമരിച്ചു. റബേക്കയും മരിയയും പ്രതികൂലസാഹചര്യങ്ങളോടു പൊരുതി മക്കളെ വളർത്തി. ശാലോം നിയമവിദ്യാഭ്യാസം നേടി സാമൂഹികപ്രവർത്തനങ്ങളിലും സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളിലും സജീവമായി. മരിയയുടെ മകൾ മെഡിക്കൽ ബിരുദം നേടി ഗൈനക്കോളജിസ്റ്റെന്ന നിലയിൽ പ്രശസ്തയായി.

അങ്ങനെ പരസ്പരം അറിയാതെ റബേക്കയും മരിയയും മക്കളെ പഠിപ്പിച്ചു വലുതാക്കി ജീവിതത്തിന്റെ കരപറ്റിയപ്പോഴാണ് പണ്ട് നാടുവിട്ടുപോയ അവരുടെ സഹോദരൻ ജാഫെത്ത് അവശനും വൃദ്ധനും ഓർമ്മ നഷ്ടപ്പെട്ടവനുമായി ജൂതത്തെരുവിൽ കാണപ്പെട്ടത്. വേർപിരിഞ്ഞുപോയ ഇത്താക്കുവിന്റെ മക്കൾ ഒന്നിക്കാൻ അതു നിമിത്തമായി. ഇത്താക്കുവിന്റെ കൂട്ടുകാരൻ മോർദിക്കാ ആ സംഗമത്തിനു സാക്ഷിയായി. റബേക്കയുടെ മകനായ ശാലോമും മരിയയുടെ മകൾ ഡോ. എസ്തറും തമ്മിലുള്ള വിവാഹം തീരുമാനിക്കുന്നു. 'ഹലാഹ'യനുസരിച്ച് അവർ തമ്മിലുള്ള വിവാഹം പാടുണ്ടോ എന്ന ചോദ്യമുയരുന്നു. പരദേശിപ്പള്ളിയിലെ വെളുത്ത ജൂതന്മാരുടെ മാസാന്ത്യയോഗത്തിൽ അതു ചർച്ചയായി. അനിശ്ചിതത്വങ്ങൾക്കിടെ മോർദിക്കാ കൽക്കത്തയിലെ സുഹൃത്തുമായി ബന്ധപ്പെട്ട് വിവാഹത്തിനുള്ള സ്ഥിരീകരണവും ഒരുക്കങ്ങളും നടത്തി. എബ്രഹാം ബാരക് ശാലോമും ഡോ. എസ്തറും തമ്മിൽ കൽക്കത്തയിലെ സിനഗോഗിൽ വെച്ച് വിവാഹിതരാകുന്നു.

കറുത്ത ജൂതസമൂഹത്തിന്റെ പുതുപ്പിറവിയായിരുന്നു ശാലോം എസ്തർ കുടുംബജീവിതം. പുതുലോകത്തിന്റെ ക്രമങ്ങളോടിണങ്ങി നൈതികതബോധ്യങ്ങളിൽ അടിയുറച്ച് അവർ പുരോഗമനത്തിന്റെ ജൂതചരിത്രം എഴുതിച്ചേർത്തു. പരിഷ്ക്കരണവാദിയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയമുഖവും കൊച്ചിയിലെ സാമൂഹികപരിഷ്ക്കരണരംഗത്തെ നിത്യസാന്നിധ്യവുമായി ശാലോംകോച്ച ജൂതഗാന്ധിയായി അറിയപ്പെട്ട ചരിത്രം പറയുന്നതോടൊപ്പം അവരുടെ തലമുറകളുടെ പിൽക്കാല ഗതിയും മൂന്നാം ഭാഗത്ത് ആഖ്യാനം ചെയ്യുന്നു.

## ജൂതമാനവികത

ശാലോം കോച്ച സ്ഥിരം ജോലി ഉപേക്ഷിച്ച് ജൂതസമൂഹത്തിനും രാജ്യത്തിനും വേണ്ടി അക്ഷീണം പ്രവർത്തിക്കുന്ന പൊതുജീവിതമാണ് നയിച്ചത്. കേരളത്തിലന്ന് സാമൂഹികമാറ്റത്തിന്റെ അലയൊലികൾ ഉച്ചസ്ഥായിയിൽ എത്തിയിരുന്നു. കൊച്ചിരാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. വൈക്കം, ഗുരുവായൂർ സത്യാഗ്രഹസമരങ്ങളിൽ പങ്കാളിയായി. കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനത്തിൽ കേരളത്തിൽ നിന്നു പങ്കെടുത്ത രണ്ടുപേരിൽ ഒരാൾ ശാലോം കോച്ചയായിരുന്നു. രാജ്യവിമോചനത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും വേണ്ടി ശബ്ദിച്ച ശാലോമിന് പക്ഷേ സ്വന്തം ആരാധനാലയത്തിൽ അവഗണന നേരിട്ടു. അവിടെ വെളുത്ത ജൂതന്മാർക്കൊപ്പം ആരാധനാമുറിയിലെ ബഞ്ചിലിരിക്കാൻ അയാൾക്ക് അവകാശമുണ്ടായിരുന്നില്ല. ആരാധനാസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം പരദേശി സിനഗോഗിലും നടക്കേണ്ടതുണ്ടെന്ന് അദ്ദേഹം ശഠിച്ചു. കറുത്ത ജൂതന്മാർ, 'മൊഷ്റാറിം' (മോചിതരായ അടിമകളുടെ പിന്തുടർച്ചക്കാർ) ആണെന്ന സത്യ

വാങ്മൂലം ഒപ്പിട്ടുകൊടുത്താൽ പള്ളിയിൽ ആരാധനാസ്വാതന്ത്ര്യം നൽകാമെന്ന് പര ദേശി പ്രമാണി പറഞ്ഞു. അടിമകളായിരുന്ന മിസ്റയീമിൽ മോശ നമ്മളെ മോചിപ്പിച്ച തിനുശേഷം അടിമകളല്ലാതായിത്തീർന്നു എന്ന പുരാവൃത്തം ഉദ്ധരിച്ച് വാദിച്ചിട്ടും സിന ഗോഗ് കമ്മിറ്റിയിൽ ആധിപത്യമുണ്ടായിരുന്ന, വെളുത്ത ജൂതന്മാരിലെ അതിസമ്പന്നർ സോളമൻ കഡൂരിയും ഡേവിഡ് കഡൂരിയും സമ്മതിച്ചില്ല. പരിഷ്ക്കരണവാദിയായ ശാലോംകോച്ചയും മുതലാളിത്ത ശക്തികളായിരുന്ന കഡൂരിമാരും മതകാര്യത്തിൽ സന്ധിചെയ്തില്ല എങ്കിലും കൊച്ചിയിലെ വികസനകാര്യത്തിൽ യോജിച്ചുനിന്നു. സ്വാത ന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്കെടുത്തുചാടിയ ശാലോം സമ്പൂർണ്ണസ്വാതന്ത്ര്യം കിട്ടും വരെ സമരം എന്ന ഗാന്ധിയുടെ ആഹ്വാനം കൊച്ചിയിൽ പ്രാവർത്തികമാക്കി. അങ്ങനെ അദ്ദേഹം യൂദഗാന്ധി എന്നു വിളിക്കപ്പെട്ടു.

ഇസ്രായേൽ രാജ്യം നിലവിൽ വന്നതോടെ സയണിസ്റ്റ് സംഘടനകൾ രൂപീക രിച്ച് പ്രവർത്തനം തുടങ്ങി. യഹൂദ രാജ്യം രൂപീകരിക്കപ്പെട്ടതിന്റെ ആഘോഷങ്ങൾ നട ക്കവെ, യരുശലേമിലേക്കു പോകുന്നവരെ സഹായിക്കാൻ ശാലോം കൈമെയ് മറന്നു പ്രവർത്തിച്ചു. കൊച്ചിയിലെ ജൂതസമൂഹത്തിന്റെ സംഭവബഹുലമായ ചരിത്രം അവിടെ അവസാനിക്കുകയാണ്. പോകാതെ ശേഷിച്ച ജൂതരുടെ ഏകാന്തതയും വംശശുദ്ധി നഷ്ടവും മാഞ്ഞുപോയ ജീവിതനിഴലുകളും നോവലിന്റെ അവസാനഭാഗത്ത് ചിത്രീ കരിക്കുന്നു.

ശാലോം കോച്ചയുടെ ജീവിതത്തിലെ അവസാനനാളുകൾ അസ്തിത്വസങ്കടങ്ങൾ നിറഞ്ഞതായിരുന്നു. സാമൂഹികപ്രവർത്തനത്തിൽ മുഴുകിയപ്പോൾ കുടുംബകാര്യങ്ങൾ നോക്കാത്തതിന് എസ്തറിന് അമർഷമുണ്ടായിരുന്നു. അഞ്ച് മക്കളെ പഠിപ്പിച്ച് വലുതാ ക്കിയതിൽ ശാലോം കോച്ചയ്ക്ക് ഒരു പങ്കുമില്ലായിരുന്നു. മക്കളെല്ലാം നല്ല നിലയിലായി. എസ്തറിന്റെ പിന്തുടർച്ചക്കാരിയായി മകൾ റാഹേൽ ഡോക്ടറായി, ഇളയമകൾ മീനു വാകട്ടെ ഹൈദരാബാദിലെ മെഡിക്കൽ പഠനം കഴിഞ്ഞ് സഹപാഠിയായ റെഡ്ഡിയെ വിവാഹം കഴിച്ചു ഹിന്ദുമതത്തിലേക്കു മാറി. നവോമി എന്നായിരുന്നു അവളുടെ യഥാർത്ഥ പേര്. ശാലോംമിന് ഏറ്റവും വാത്സല്യമുണ്ടായിരുന്ന മകൾ. തന്റെ വംശം കലർപ്പിലൂടെ അന്യംനിന്നുപോകുന്നത് ശാലോമിന്റെ ദുഃഖമായിരുന്നു ഹൈദരാബാ ദിൽ ഹിന്ദുവായിത്തീർന്ന മകളെ സന്ദർശിച്ച് മടങ്ങുന്ന ശാലോം വല്ലാതെ വിവശനായി പ്പോകുന്നുണ്ട്. ശാലോമിന്റെ മൂന്നാമത്തെ മകനാണ് സമ്മി എന്ന സാമുവേൽ ശാലോം. സമ്മി പറഞ്ഞുകൊടുത്ത കുടുംബകഥയത്രയും നോവൽപോലെ എഴുതിവെച്ചത് യൂദ നായ എഴുത്തുകാരൻ മോസസ് ആയിരുന്നു. അയാൾ യരുശലേമിൽ വെച്ച് മരിച്ചതായി പറയുന്നു. ഒരു കുടുംബത്തിന്റെ 250 കൊല്ലത്തെ ചരിത്രം, വർണവിവേചനത്തിനെതിരെ ഒരു കുടുംബം വിട്ടുവീഴ്ചയില്ലാതെ നടത്തിയ ചെറുത്തുനിൽപിന്റെയും യൂദത്തെരുവി ന്റെയും കഥകൂടിയായിത്തീരുന്നു.

1980 കളുടെ വർത്തമാനത്തിൽനിന്ന് ഭൂതകാലത്തിലേക്കും ജൂത അതിജീവനത്തിന്റെ സംഘർഷവഴികളിലൂടെയും യാത്രചെയ്ത കഥ ഒടുവിൽ വർത്തമാനത്തിൽ ഒരു മഹാ ശൂന്യതയിൽ, സിനഗോഗിലെ തിരുവെഴുത്തുപോലെ നിഴലുകൾ പോലെ മാഞ്ഞുപോയ മനുഷ്യകഥയിൽ വന്നുനിൽക്കുന്നു. അവിടെ മാനവികതയുടെയും സ്നേഹപാരസ്പ ര്യത്തിന്റേതുമായ ഒരു വൈകാരികബന്ധം സൂചിപ്പിച്ചുകൊണ്ടാണ് അവസാനിപ്പിക്കു ന്നത് എന്നത് ശ്രദ്ധേയം. ജൂതത്തെരുവിൽ നൂറുവർഷത്തോളം ജീവിച്ച ജൂതസ്ത്രീ റൂബിയെ കൊച്ചിയിലെ ജൂതചരിത്രത്തിന്റെ ഒരു മ്യൂസിയം പീസായി ലോകർ കാണു മ്പോഴും മതവിഭാഗീയതകളെ മറികടക്കുന്ന അസാധാരണ സ്നേഹവായ്പിന്റെ കഥ അവരിലൂടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. അവരുടെ ജീവിതത്തിൽ ആലിബാവ എന്ന മുസ്ലീമും അവരുടെ കുടുംബവും തുന്നിച്ചേർത്ത സ്നേഹബന്ധം വലിയൊരു പ്രതീക മാണ്. പശ്ചിമേഷ്യയിലെ ജൂതമുസ്ലീം സംഘർഷത്തിന്റെ വ്യർത്ഥതയെ ഇതിലൂടെ അട യാളപ്പെടുത്തുകയാണ് എഴുത്തുകാരൻ. റൂബിയുടെ അതി വിശിഷ്ടമായ എംബ്രോയ്ഡ റികളും വേറിട്ട രുചി പകരുന്ന ജൂതഭക്ഷണവും സംസ്കാരത്തെയും മതത്തെയും കാല ങ്ങളെയും കൂട്ടിയിണക്കുന്ന ഒന്നായിത്തീരുന്നു. റൂബിയാന്റിയിൽ നിന്നു പഠിച്ച പാചക രീതികൾ ദുബായിയിലെ ഹോട്ടലിൽ പ്രയോഗിച്ച് അംഗീകാരം നേടിയ തമീം സക്ക റിയ എന്ന ഷെഫ്, അവരുടെ മരണവാർത്തയറിഞ്ഞ് ഉടൻ നാട്ടിലേക്കു പുറപ്പെടുന്ന തിന്റെ ചിത്രീകരണത്തിലാണ് നോവൽ അവസാനിക്കുന്നത്. ബന്ധങ്ങളും ഓർമ്മകളും അനുഭവങ്ങളുമാണ് മനുഷ്യനെ നന്മയുള്ളവനാക്കുന്നത്. സങ്കുചിതമായ മതബോധത്തെ അതിവർത്തിക്കുന്ന സ്നേഹബന്ധങ്ങളുടെ ഊഷ്മളത ഈ നോവലിന്റെ ദർശനത്തെ ദീപ്തമാക്കുന്നു.

കേരളീയ ജൂതസമൂഹത്തിന്റെ സംസ്കാരവും ചരിത്രവും ആഭ്യന്തരവൈരുദ്ധ്യ ങ്ങളും മാനവികതയിലൂന്നി എഴുതിയിരിക്കുന്ന വിശദാംശസമ്പന്നമായ നോവലാണ് സിനഗോഗ് ലെയ്ൻ. പ്രവാസത്തിന്റെയും ചിതറലിന്റെയും ഏകാകിതയുടെയും വർണ വെറിയുടെയും കലർപ്പിന്റെയും വിമോചന സ്വപ്നങ്ങളുടെയും ചരിത്രപരമായ മനു ഷ്യസങ്കടങ്ങൾ ഘനീഭവിച്ചുനിൽക്കുന്ന വംശീയ ആഖ്യായിക, മലയാളനോവൽ കല യിൽ നവഭാവങ്ങൾ എഴുതിച്ചേർത്തിരിക്കുന്നു.

•